"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

കേരള പഞ്ചായത്ത് രാജ് ആക്ട് - എറണാകുളം ജില്ലയിലെ പാമ്പാക്കട ഗ്രാമപഞ്ചായത്ത് ഭരണസമിതിയുടെ 10.01.2025-ലെ 13, 14, 15, 16.01.2025-ലെ 1, 2, 3 നമ്പർ തീരുമാനങ്ങൾ സ്റ്റേ ചെയ്തു കൊണ്ടും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കു വേണ്ടിയുള്ള ബഹു. ട്രൈബ്യൂണലിന് റഫർ ചെയ്തു കൊണ്ടും ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശസ്വയംഭരണ(ആർബി) വകുപ്പ്**

സ.ഉ.(സാധാ) നം.927/2025/LSGD   തീയതി, തിരുവനന്തപുരം, 08-04-2025

---

പരാമർശം:-

1. പാമ്പക്കട ഗ്രാമപഞ്ചായത്ത് ഭരണസമിതിയുടെ 10.01.2025-ലെ 13, 14, 15 നമ്പർ തീരുമാനങ്ങൾ
2. പാമ്പക്കട ഗ്രാമപഞ്ചായത്ത് ഭരണസമിതിയുടെ 16.01.2025-ലെ 1, 2, 3 നമ്പർ തീരുമാനങ്ങൾ.
3. പാമ്പാക്കട ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ 18/01/2025-ലെ എസ് സി2-3276/2024 നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

പാമ്പാക്കട ഗ്രാമപഞ്ചായത്തിലെ 4-ാം വാർഡിൽ മൂന്ന് പ്ലൈവുഡ് നിർമ്മാണ കമ്പനികൾ ആരംഭിക്കുന്നതിനായി കേരള പഞ്ചായത്ത് രാജ് ആക്ട് 233 പ്രകാരം അനുമതി നൽകുന്നതിന് ലഭിച്ച മൂന്ന് അപേക്ഷകൾ പഞ്ചായത്ത് ഭരണസമിതിയുടെ 10.01.2025-ലെ 13 (അജാസ് എം.എസ്, മുണ്ടയ്ക്കൽ, തോട്ടപാടാൻ ജംഗ്ഷൻ, പെരുമ്പാവൂർ), 14 (ഷിഹാബ് എൻ.എ, നരീക്കമറ്റം, അശമന്നൂർ, അബ്ബാസ് എം.എം, മൂത്തേടം, അല്ലപ്ര, മുഹമ്മദ് ഫാഹിം എം.എ, മൂത്തേടം അല്ലപ്ര), 15(നിസാമുദ്ദീൻ, അയിരാട്ടിൽ, രണ്ടാർ) എന്നീ നമ്പർ തീരുമാനങ്ങൾ പ്രകാരം നിരസിച്ചിരുന്നു.

2) Group 2 Industrial Building-ന്റെ നിർമ്മാണം KPBR 2019 പ്രകാരമാണെന്നും പെർമിറ്റ് അനുവദിക്കാമെന്നുമുള്ള എൽഎസ്ജിഡി അസി. എഞ്ചിനീയറുടെ റിപ്പോർട്ടും സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡിന്റെ കൺസെന്റ് ടു എസ്റ്റാബ്ലിഷ്, സംസ്ഥാന വ്യവസായ വകുപ്പിന്റെ അക്നോളഡ്ജ്മെന്റ് സാക്ഷ്യപത്രം, ഫയർ & റസ്ക്യൂ സർവ്വീസസ് വകുപ്പിന്റെ എൻഒസി മറ്റ് അവശ്യരേഖകൾ എന്നിവയും അപേക്ഷകളോടൊപ്പം ഹാജരാക്കിയിട്ടുണ്ടെന്ന് പഞ്ചായത്ത് സെക്രട്ടറി റിപ്പോർട്ട് ചെയ്തുവെങ്കിലും ഇത്തരം കമ്പനികൾ മൂലമുണ്ടാകുന്ന മലിനീകരണ പ്രശ്നങ്ങൾ ജനങ്ങളുടെ ആരോഗ്യത്തെ ബാധിക്കുന്നതായതിനാൽ അപേക്ഷകൾ നിരസിക്കുന്നതിന് പഞ്ചായത്ത് ഭരണസമിതി തീരുമാനമെടുക്കുകയാണുണ്ടായത്.

3) പ്രസ്തുത തീരുമാനങ്ങൾ കേരള പഞ്ചായത്ത് രാജ് ആക്ട് പ്രകാരം നൽകിയിട്ടുള്ള അധികാരസീമ ലംഘിക്കുന്നതും ആക്ടിലെ വ്യവസ്ഥകൾക്കും സർക്കാരിന്റെ മാർഗ്ഗനിർദ്ദേശങ്ങൾക്കും വിരുദ്ധവുമായതിനാൽ അവ പുനഃപരിശോധിക്കണമെന്ന് പഞ്ചായത്ത് സെക്രട്ടറി ആവശ്യപ്പെട്ടതിന്റെ

അടിസ്ഥാനത്തിൽ 16.01.2025-ൽ നടന്ന പഞ്ചായത്ത് ഭരണസമിതിയുടെ സാധാരണയോഗത്തിൽ ഇക്കാര്യം പരിശോധിക്കുകയും മുൻ തീരുമാനങ്ങളിൽ ഉറച്ച് നിൽക്കുന്നതിന് 16.01.2025-ലെ 1, 2, 3 നമ്പർ തീരുമാനങ്ങൾ പ്രകാരം ഭരണസമിതി തീരുമാനിക്കുകയും ചെയ്തിട്ടുണ്ട്.

4) മേൽ സാഹചര്യത്തിൽ പരാമർശം (3) പ്രകാരം ടി തീരുമാനങ്ങൾ 1995-ലെ കേരള പഞ്ചായത്ത് രാജ് (യോഗനടപടിക്രമം) ചട്ടങ്ങളുടെ ചട്ടം 29(3), (4) എന്നിവ പ്രകാരം പഞ്ചായത്ത് സെക്രട്ടറി സർക്കാരിലേക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

5) സർക്കാർ ഇക്കാര്യം പരിശോധിച്ചു. പ്ലൈവുഡ് നിർമ്മാണ കമ്പനികൾ തുടങ്ങുന്നതിന് സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡിൽ നിന്നുള്ള സാക്ഷ്യപത്രം അടക്കം മതിയായ എല്ലാ രേഖകളും സഹിതം അനുമതിക്കായി സമർപ്പിച്ച അപേക്ഷ നിരസിക്കുന്നതിനുള്ള പഞ്ചായത്ത് ഭരണസമിതി തീരുമാനം പ്രഥമദൃഷ്ട്യാ നിയമാനുസൃതമല്ലെന്ന് കാണുന്നതിനാൽ പാമ്പാക്കുട ഗ്രാമപഞ്ചായത്ത് ഭരണസമിതിയുടെ 10.01.2025-ലെ 13, 14, 15, 16.01.2025-ലെ 1, 2, 3 നമ്പർ തീരുമാനങ്ങൾ 1994 ലെ കേരള പഞ്ചായത്ത് രാജ് ആക്ടിന്റെ സെക്ഷൻ 191(4) പ്രകാരം സർക്കാരിൽ നിക്ഷിപ്തമായ അധികാരം വിനിയോഗിച്ച് സ്റ്റേ ചെയ്യും സെക്ഷൻ 191(2) പ്രകാരം പ്രസ്തുത തീരുമാനങ്ങൾ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കുവേണ്ടിയുള്ള ബഹു. ട്രൈബ്യൂണലിന് റഫർ ചെയ്യും ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

JAYANTHI B S

ഡെപ്യൂട്ടി സെക്രട്ടറി

സെക്രട്ടറി, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് വേണ്ടിയുള്ള ട്രൈബ്യൂണൽ, കോർട്ട് കോംപ്ലക്സ് വഞ്ചിയൂർ, തിരുവനന്തപുരം. (പരാമർശിത പ്രമാണങ്ങളും ആമുഖ കത്തും സഹിതം)

പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശസ്വയംഭരണ വകുപ്പ്, തിരുവനന്തപുരം.

ചീഫ് ടൗൺ പ്ലാനർ, തിരുവനന്തപുരം.

ജില്ല ജോയിന്റ് ഡയറക്ടർ, എറണാകുളം.

പ്രസിഡണ്ട്, പാമ്പാക്കുട ഗ്രാമപഞ്ചായത്ത്, എറണാകുളം.

സെക്രട്ടറി, പാമ്പാക്കുട ഗ്രാമപഞ്ചായത്ത്, എറണാകുളം.

എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം. (ഉത്തരവ് വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)

ഇൻഫർമേഷൻ ഓഫീസർ (വെബ് & ന്യൂ മീഡിയ), വിവരപൊതുജനസമ്പർക്ക വകുപ്പ്

കരുതൽ ഫയൽ / ഓഫീസ് പകർപ്പ്

ഉത്തരവിൻ പ്രകാരം

Signed by
Rajesh N
സെക്ഷൻ ഓഫീസർ
Date: 08-04-2025 15:51:49